## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.2 — 04.06.2018-ൽ മറുപടിയ്ക്ക്

## പോക്സോ കോടതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.പി.ബി.അബ്ദുൾ റസ്സാക്ക് | ..പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോക്സോ നിയമം അനുശാസിക്കും പ്രകാരം അതിവേഗ പ്രത്യേക വിചാരണക്കായി ശിശുസൗഹൃദ കോടതികൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും ലൈംഗികാതിക്രമങ്ങളും ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്ന എറണാകുളത്തെ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയെ പോക്സോ ആക്ട് പ്രകാരമുള്ള സ്പെഷ്യൽ കോടതിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br>സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും ലൈംഗികാതിക്രമങ്ങളും ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്ന തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലെ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികളെ Commission for Protection of Child Rights Act 2005 പ്രകാരം കുട്ടികൾക്കുള്ള കോടതിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. മറ്റ് പതിനൊന്ന് ജില്ലകളിലെ ഒന്നാം അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയെ Commission for Protection of Child Rights Act 2005 പ്രകാരം കുട്ടികൾക്കായുള്ള കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള പോക്സോ കോടതികൾ എവിടെയൊക്കെയാണ്; ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | നിയമം അനുശാസിക്കും വിധം എല്ലാ ജില്ലയിലും ഈ കേസുകളുടെ വിചാരണയ്ക്കായി കോടതികളെ അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ച ശേഷം വിചാരണ ആരംഭിക്കുന്നതിന് എത്രത്തോളം കാലതാമസം നേരിടുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കുറ്റപത്രം സമർപ്പിച്ച കേസ്സുകളിൽ ചെറിയ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ വിചാരണ വേഗത്തിലാക്കുന്ന കാര്യം ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്. |
| (ഡി) | ആറുവർഷം വരെ പഴക്കമുള്ള കേസ്സുകൾ ഇപ്പോഴും തീർപ്പാക്കാതെ കിടക്കുന്നതിനാലും കുറ്റപത്രം നൽകി വർഷങ്ങൾ കഴിഞ്ഞശേഷം മാത്രം വിചാരണ ആരംഭിക്കുന്നതിനാലും പ്രതികൾക്ക് അനുകൂലമായ സാഹചര്യവും ഇരകൾക്ക് കഷ്ടപ്പാടും നൽകുന്ന അവസ്ഥ മൂലം ശിക്ഷാ നിരക്ക് ഇരുപത് ശതമാനത്തിൽ താഴെ മാത്രമാകുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്ത് കുറ്റപത്രം നൽകിയ ശേഷം 6 വർഷത്തിലധികമായി വിചാരണ ആരംഭിച്ച് തീർപ്പാക്കാത്ത ചുരുക്കം കേസുകൾ മാത്രമേ നിലവിലുള്ളൂ.<br>പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനായി എല്ലാ കോടതികളിലും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയോഗിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**